ശ്രീ. ടി. കെ. നാരായണപിള്ള: അതിലേയ്ക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥനാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കൊട്ടാരക്കര താലൂക്കിൽ പണികഴിച്ചിട്ടുള്ള വീടുകൾ വളരെ ദുർബ്ബലമായതാണെന്നു് ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. അങ്ങനെയുണ്ടെങ്കിൽ അവയെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. സി. ആദിച്ചൻ: ഗവമ്മെണ്ടിൽനിന്നും ഈ നിർ ധ്രുപാ കൊടുക്കുന്നതുകൂടാതെ വേറെ വിധത്തിൽ ഈ ഭവനനിർമ്മാണത്തിനായി സഹായിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ നിർ ധ്രുപയിൽ ഫ ഴ ർ ധ്രുപാ ആദ്യം അഡ്വാൻസായിട്ടും പിന്നെ ബാക്കിയുള്ളതു് ഒടുവിൽ കൊടുക്കുകയുമാണു് ചെയ്യുന്നതു്.

ശ്രീ. പി. സി. ആദിച്ചൻ: എന്റെ ചോദ്യം അതല്ല. ഈ നിർ ധ്രുപാ കൊടുക്കുന്നതുകൂടാതെ ഗവമ്മെണ്ടിനു് വേറെ വല്ല പദ്ധതിയും ഭവനനിർമ്മാണത്തിനായി ഉണ്ടോ എന്നാണു് എന്റെ ചോദ്യം.

ശ്രീ. ടി. കെ. നാരായണപിള്ള: ഹരിജനങ്ങൾക്കു് വേറെയും ഒരു ഭവനനിർമ്മാണ പദ്ധതിയുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ: മനുഷ്യനു് മനുഷ്യനുമായി വ്യത്യാസം വരത്തക്ക വിധത്തിൽ രണ്ടു വിധത്തിൽ വീടു ഉണ്ടാക്കുന്നതു് എന്തുകൊണ്ടാണു്?

Mr. Speaker: That is a dicussion on which no answer is required.

ശ്രീ. ഇട്ടിര അനുക്കൻ: ഭവനരഹിതരായി ഇരിക്കുന്ന ആളുകൾ പുറമ്പോക്കു സ്ഥലങ്ങളിൽ കുടിപാർക്കുമ്പോൾ അവരെ ഇറക്കിവിടുന്നതായി ഗവമ്മെണ്ടു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഭവനരഹിതന്മാർക്കു് വേണ്ട സൗജന്യം നൽകണമെന്നാണു് ഗവമ്മെണ്ടിന്റെ ആഗ്രഹം. എന്നാൽ ചില മുഷ്ടന്മാർ ബലപ്രയോഗം നടത്തി പുറമ്പോക്കു സ്ഥലങ്ങളിൽ പ്രവേശിക്കുകയാണെങ്കിൽ അതിൽനിന്നും അവരെ തടയുന്നതു് ഗവമ്മെണ്ടിന്റെ കർത്തവ്യമാണു്.

വിദ്യാഭ്യാസ ധനസഹായം

* നമ്പർ. (ഫ ഫ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായ സംരക്ഷണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റു വർഷത്തിൽ പിന്നോക്കസമുദായക്കാരുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി ലംപ്സം ഗ്രാന്റു തുകകളായി വിതരണം നടത്തുകയായിരുന്നുവോ;

(ബി) മൊത്തം ഈയിനത്തിൽ എത്ര രൂപാ ചെലവായി?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അതെ.

(ബി) ഫ ഴ—ഡ—ൽ ർ ഫ-വരെ ഈ ഇനത്തിൽ ഡ, ർ ഫ, ഫ ർ ഡ രൂപാ ചിലവായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കാളേജ് വിദ്യാഭ്യാസത്തിനു് എത്ര രൂപാ ചെലവായിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു കാളേജ് വിദ്യാർത്ഥിക്കു് ഒരു മാസം 60 രൂപാവരെ കൊടുത്തുവരുന്നു. മിഡിൽസ്കൂൾ വിദ്യാർത്ഥിക്കു് 6 രൂപയും ഹൈസ്കൂൾ വിദ്യാർത്ഥിക്കു് 10 രൂപയും നൽകുന്നു. എന്നാൽ ഈ ഇനത്തിൽ ഓരോന്നിനും എത്ര രൂപ വീതം ചെലവായി എന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഒരുമാതിരി വിദ്യാഭ്യാസ വിഷയത്തിൽ ധനപരമായി കഴിഞ്ഞ ബഡ്ജറ്റ് വർഷത്തിൽ സഹായം വല്ലതും നൽകിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പുസ്തകം വാങ്ങുന്ന വിഷയത്തിൽ സഹായം നൽകിയിട്ടുണ്ടു്.

അവശസമുദായ സംരക്ഷണം

* 1. (മ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്ക സമുദായ സംരക്ഷണ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റ് വർഷത്തിൽ അവശസമുദായോദ്ധാരണ പരമായി തിരുവനന്തപുരം ഡിവിഷൻ മുഖേന പ്രത്യേക പ്രവർത്തനങ്ങൾ ഏതെങ്കിലും നടത്തപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തന പരിപാടികൾ എന്തെല്ലാം?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) ഈ ഡിപ്പാർട്ടുമെണ്ടിന്റെ ഗ്രാന്റിൽനിന്നു് പല്ലാതിയിൽ നെയ്യാറ്റിൻകര താലൂക്കിൽ വെങ്ങാനൂരിൽ 10 ഭവനങ്ങളും ചിറയിൻകീഴ് താലൂക്കിൽ വക്കലയിൽ 10-ം നെടുമങ്ങാട് 15-ം ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. തിരുവനന്തപുരം താലൂക്കിൽ ബാർട്ടൺ ഹില്ലിൽ ഒരു കോളനി തീർക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. തിരുവനന്തപുരത്തു് കടകംപള്ളി പകൃതിയിൽ സർവ്വെ നമ്പർ 1-ൽ 50 ഏക്കർ ഭൂമി ഈ ആവശ്യത്തിലേക്കു് കൈമാറ്റം ചെയ്യുവാൻ നടപടി നടത്തിവരുന്നുണ്ടു്. കോളേജ് വിദ്യാർത്ഥികൾക്കായി തിരുവനന്തപുരത്തു് ഒരു ഹരിജന ഹോസ്റ്റൽ നടത്തിവരുന്നുണ്ടു്. എട്ടു നിശാപാഠശാലകളും രണ്ടു ഗ്രന്ഥശാലകളും നടപ്പാക്കിയിട്ടുണ്ടു്. ഒരു ആയുർവ്വേദ വൈദ്യനെ നിയമിച്ചു് പേട്ടയിലും പരിസരങ്ങളിലും ഉള്ള ആളുകൾക്കു് വൈദ്യസഹായം നൽകുവാൻ ഏർപ്പാടുചെയ്തിട്ടുണ്ടു്.

ശ്രീ. ടി. വി. ദേവൻ: ഈ വൈദ്യൻ പിന്നോക്ക സമുദായത്തിൽ പെട്ട ആളാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആണെന്നാണു് തോന്നുന്നതു്. പേരു് വേലയുധൻ എന്നാണു്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: ബാർട്ടൺ ഹില്ലിൽനിന്നു് മുനിസിപ്പാലിറ്റിക്കാർ ഹരിജനങ്ങളെ ഇറക്കിവിട്ടതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ നടപടി നിവർത്തിവെക്കുവാൻ ഗവർമ്മെണ്ടിൽനിന്നും ഉത്തരവു നൽകിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly